LIBRARY ARCHIVES Kerala Legislative Assembly

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

147 (1852) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുവേണ്ടി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള ശോച്യാവസ്ഥ പരിഗണിച്ച് കടന്നപ്പള്ളി വില്ലേജിൽ പഴയ ടി.ബി. സാനിറ്റോറിയത്തിൽനിന്നും സ്ഥലം ലഭ്യമാക്കി പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഭൂമിയിൽനിന്നും 1 ഹെക്ടർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

കരുതൽ തടങ്കലിൽ കഴിയുന്നവർ

148 (1853) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജയിലുകളിലായി എത്ര പേർ കരുതൽ തടങ്കലിൽ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ വനിതകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി 79 പേർ കരുതൽ തടങ്കലിൽ കഴിഞ്ഞു വരുന്നു. ഇതിൽ 4 പേർ വനിതകളാണ്.

996/2018